www.malankaralibrary.com

# വ്യാപാരവും രാഷ്ട്രത്തിന്റെ സമ്പത്തും

**K.M. FRANCIS**

സാമ്പത്തിക ശാസ്ത്രത്തിന്റെ ആധുനികചരിത്രം ബ്രിട്ടീഷ് ചിന്തകരിൽ നിന്നാണ് ആരംഭിക്കുന്നത്. രാഷ്ട്രത്തിന്റെ സമ്പത്ത് എന്നാൽ എന്ത്? സമ്പത്ത് വർദ്ധിക്കുന്നത് എങ്ങിനെയാണ്? സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ സമ്പത്ത് എങ്ങിനെ വിതരണം ചെയ്യപ്പെടുന്നു? എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നൽകികൊണ്ടാണ് സാമ്പത്തികശാസ്ത്രം വളർന്നത്. സാമ്പത്തികശാസ്ത്രം മനസ്സിലാക്കണമെങ്കിൽ സാമ്പത്തിക വളർച്ചയെകുറിച്ച് മർക്കന്റലിസ്റ്റുകൾ, ഫിസിയോക്രാറ്റ്സ് (ഫ്രഞ്ച് ചിന്തകർ) ആദാം സ്മിത്ത്, റിക്കാർഡോ, മാൽത്തൂസ്, കാറൽ മാർക്സ് എന്നിവരുടെ പഠനങ്ങളേയും വാദ പ്രതിവാദങ്ങളെയും നാം ആദ്യം മനസ്സിലാക്കണം.

ആദാം സ്മിത്താണ് മനുഷ്യന്റെ സാമ്പത്തിക പ്രക്രിയയെ ശാസ്ത്രീയവും സമഗ്രവുമായ ഒരു വിശകലനത്തിന് വിധേയമാക്കിയത്. മാത്രമല്ല രാഷ്ട്രീയ വ്യവസ്ഥയ്ക്ക് സാമ്പത്തിക പ്രക്രിയയുടെ മേൽ സ്വാധീനമുണ്ടെന്ന് വിശകലനം ചെയ്തതും ആദാം സ്മിത്താണ്. രാഷ്ട്രീയ വ്യവസ്ഥയുടെ (Political System) സാമ്പത്തിക വ്യവസ്ഥയിൻമേലുള്ള (Economic System) സ്വാധീനത്തെ പഠിക്കുന്നതാണ് രാഷ്ട്രീയ സമ്പദ്ശാസ്ത്രം (Political Economy). ആൽഫ്രഡ് മാർഷലും, അതിനുശേഷമുള്ള നിയോ ക്ലാസ്സിക്കൽ വിഭാഗത്തിലെ സാമ്പത്തിക ശാസ്ത്രജ്ഞന്മാരും രാഷ്ട്രീയ സംവിധാനത്തിന് സാമ്പത്തിക സംവിധാനത്തിന്മേൽ സ്വാധീനമില്ല എന്ന രീതിയിൽ വിശകലനം ചെയ്യുന്നു. എന്താണ് അരിസ്റ്റോട്ടിലിന്റെ കുടുംബ സാമ്പത്തിക ശാസ്ത്രവും (Household Economics) രാഷ്ട്രീയ സമ്പദ് ശാസ്ത്രവും (Political Economy) തമ്മിലുള്ള വ്യത്യാസം എന്നത് ആദ്യമായി വിശകലനം ചെയ്യുന്നത് റൂസ്സോയാണ്. (Rousseau, *A Discourse on Political Economy*, 1755).

## മെർക്കന്റലിസം (Mercantilism)

റോമൻ സാമ്രാജ്യമാണ് അന്താരാഷ്ട്ര വ്യാപാരത്തിന്റെ എല്ലാ സാധ്യതകളും സാമ്പത്തിക വളർച്ചയ്ക്ക് ഉപയോഗിച്ചത്. B C E 27 - CE 14 വരെ റോമിനെ നയിച്ച അഗസ്റ്റസ് സീസർ ചക്രവർത്തിയാണ് നാവികസേനയും, കരസേനയും ഉപയോഗിച്ചുകൊണ്ട് ലോകം മുഴുവൻ കീഴടക്കിയത്. ഈജിപ്തിൽ നിന്ന് ചെങ്കടൽ വഴി ഇന്ത്യയിലെത്തുന്ന കപ്പൽ പാതയും തുർക്കിയിലൂടെ അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ വഴി ചൈനയിലേക്കുള്ള കരമാർഗ്ഗവും റോമൻ അധീനതയിലായിരുന്നു. ഈ മാർഗ്ഗങ്ങളിലൂടെ നടത്തിയ വ്യാപാരമായിരുന്നു റോമൻ സാമ്രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ അടിത്തറ. എന്നാൽ 7-ാം നൂറ്റാണ്ടിൽ ഈ വ്യാപാരവഴികൾ, അറബികൾ സ്വന്തമാക്കി.

www.malankaralibrary.com


ലോകചരിത്രത്തിൽ അറബികളുടെ സ്വാധീനം വർദ്ധിക്കുന്നത് CE 622-632 വരെയാണ്. മുഹമ്മദ് നബിയുടെ നേതൃത്വത്തിൽ അറബ്രാഷ്ട്രങ്ങളുടെ ഏകീകരണ നടന്നത് CE 622 മുതൽ 632 വരെയുള്ള 10 വർഷങ്ങളിലാണ്. അതിനുശേഷം CE 622-661 വരെയുള്ള കാലഘട്ടം റഷിഡൂൻ കാലിഫേറ്റിന്റേതാണ്. പ്രസ്തുത കാലഘട്ടത്തിൽ നോർത്ത് ആഫ്രിക്ക, ഈജിപ്ത്, ഇസ്രായേൽ, സിറിയ, ഇറാക്ക്, കസാക്കിസ്ഥാൻ, പേർഷ്യ, അഫ്ഘാനിസ്ഥാൻ വരെയുള്ള സ്ഥലങ്ങളെല്ലാം അറബികളുടെ കീഴിലായി. CE 661-750 വരെയുള്ള കാലഘട്ടം ഉമയാദ് കാലിഫുകളുടേതാണ്. (Umayyad Caliphs) ഈ കാലഘട്ടത്തിൽ സ്പെയിൻ മുതൽ പാക്കിസ്ഥാൻ വരെ നോർത്ത് ആഫ്രിക്ക മുതൽ റഷ്യയിലെ കോക്കസ്സസ് വരെയുള്ള അറബ് ഭരണത്തിൻ കീഴിലായി. ഈ പ്രദേശങ്ങൾ ഭൂരിഭാഗവും റോമൻ ഭരണാധികാരികളുടെ കീഴിലായിരുന്നു. ഈ പ്രദേശങ്ങളിലൂടെയാണ് യൂറോപ്പ്യൻ കച്ചവടക്കാർ ഇന്ത്യ, ശ്രീലങ്ക, ചൈന, മുതലായ രാജ്യങ്ങളുമായി വ്യാപാരം ചെയ്തിരുന്നത്. ഇതിൽ ഭൂമിശാസ്ത്രപരമായി ഏറ്റവും തന്ത്രപ്രധാനമായ രാജ്യം ഈജിപ്താണ്. (Geographically strategic country). അതുകൊണ്ട് ഈജിപ്തിനെയും, ഇസ്രായേലിനെയും കീഴടക്കുക എന്നതിന് സാമ്പത്തിക ലക്ഷ്യമുണ്ട്. മെഡിറ്ററേനിയൻ കടലിൽ നിന്ന് അറേബ്യൻ കടലിലേക്കുള്ള പ്രവേശന കവാടമാണ് ഈജിപ്ത്. മാത്രമല്ല, യൂറോപ്പിൽ നിന്നും ഏഷ്യയിൽ നിന്നും കരമാർഗ്ഗം ആഫ്രിക്കയിലേക്കുള്ള കവാടമാണ് ഈജിപ്ത്. ഈജിപ്ത് സുഗന്ധ വ്യഞ്ജന വ്യാപാരത്തിന്റെ ഇടനാഴിയാണ്. യൂറോപ്പും ഇന്ത്യ, ശ്രീലങ്ക, ഇന്തോനേഷ്യ, ചൈന മുതലായ രാജ്യങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന കണിയാണ് ഈജിപ്ത്. ഇന്ത്യയിൽ നിന്ന് 5 രൂപയ്ക്ക് വാങ്ങുന്ന കുരുമുളക് ഈജിപ്തിൽ കപ്പൽ മാർഗ്ഗം എത്തിച്ചേരുമ്പോൾ 130 രൂപയും അവിടെ നിന്ന് വെനീസിലെത്തുമ്പോൾ 150 രൂപയുമാണ്. ഇതുപോലെ ഇസ്താമ്പൂളിൽ നിന്ന് ഇറാൻ, അഫ്ഗാനിസ്ഥാൻ വഴി ചൈനയിലെത്തിയിരുന്ന വസ്ത്രവ്യാപാര വഴി (silk route)യും നിലനിന്നിരുന്നു. അതുകൊണ്ട് ഈജിപ്തും, ഇസ്താമ്പൂളും കൈവശം വെയ്ക്കുന്നവർ അന്താരാഷ്ട്ര വ്യാപാരത്തിന്റെ കുത്തകാവകാശം കൈവശം വെയ്ക്കുന്നു. അറബികൾ ഈസ്റ്റേൺ റോമൻ സാമ്രാജ്യം കൈയ്യടക്കിയത് CE 622-750 വരെയുള്ള കാലഘട്ടത്തിലാണ്. ഇസ്താമ്പൂൾ അഥവാ കോൺസ്റ്റാന്റിനോപ്പിൾ ഒഴികെ പൗരസ്ത്യ റോമൻ സമ്രാജ്യം മുഴുവനും അറബികൾ കൈയ്യടക്കി. ചരിത്ര രചയിതാക്കൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയതിനെയാണ് പൗരസ്ത്യ റോമസാമ്യാജ്യത്തിന്റ പതനമെന്ന് വിശേഷിപ്പി ക്കുന്നത്. പൗരസ്ത്യ റോമൻ സാമ്രാജ്യത്തിന്റ ഭൂമിശാസ്ത്ര അതിർത്തികൾ അറബികൾ കൈയ്യടക്കിയപ്പോൾ യൂറോപ്പ്യൻ ജനതയ്ക്ക് ഇന്ത്യ, ചൈന, ശ്രീലങ്ക (തോപ്രബാന) മുതലായ രാജ്യങ്ങളുമായി നടത്തിയിരുന്ന വ്യാപാരത്തിലെ മിച്ചം (Qurplun derived out of trade) ലഭിക്കാതെയായി. ഈ വ്യാപാര മിച്ചം മുഴുവൻ അറബി

www.malankaralibrary.com

കൾക്ക് ലഭിക്കാൻ തുടങ്ങി. ഈ വ്യാപാര മിച്ചം അറേബ്യൻ രാജ്യങ്ങളുടെ ഭൗതികവും, സാംസ്കാരികവുമായ വളർച്ചയ്ക്ക് വഴിതെളിയിച്ചു. ആഫ്രിക്ക, ഇന്ത്യ, തെക്കൻ ചൈന മുതലായവയുടെ കടലോരത്തിലെ മുഴുവൻ തുറമുഖങ്ങളുടെ വ്യാപാരത്തിന്റെ കുത്തകാവകാശം അറബികൾക്കായിരുന്നു. ഇതിനെ കടലോര സാമ്രാജ്യം (maritime empire) എന്ന് വിളിക്കുന്നു.

അറബികളുടെ സാമ്പത്തിക വളർച്ചയുടെ കാരണം അന്താരാഷ്ട്ര വ്യാപാരവും, അതിനുള്ള കഴിവ് നൽകുന്നത് നാവികസേനയുമാണെന്ന് പോർച്ചുഗൽ രാജാവ് മനസ്സിലാക്കി. അതുകൊണ്ട് പോർച്ചുഗലിൽ 15-ാം നൂറ്റാണ്ടിൽ കപ്പൽ നിർമ്മാണകേന്ദ്രവും നാവികരെ പരിശീലിപ്പിക്കുന്ന അക്കാദമിയും ആരംഭിച്ചു. ഇതിന്റെ തുടർച്ചയായി അറബികളുടെ സാമ്പത്തിക വളർച്ചയ്ക്ക് കാരണമാകുന്ന അന്താരാഷ്ട്ര വ്യാപാരത്തിൽ പ്രവേശനം ലഭിക്കാനാണ് വാസ്കോഡിഗാമ ഇന്ത്യയിൽ വരുന്നത്. വാസ്കോ ഡി ഗാമ പുതിയ കപ്പൽ പാത കണ്ടെത്തിയതോടെ അറബികളുടെ ഏഷ്യൻ രാജ്യങ്ങളിലുണ്ടായിരുന്ന വ്യാപാര കുത്തക അവസാനിച്ചു. ഈ കുത്തക അവസാനിച്ചതിന്റെ ആദ്യ സംഭവമാണ് ഗാമയും സാമൂതിരിയുമായുള്ള കച്ചവടകരാർ. പോർച്ചുഗീസ്കാർക്ക് കുരുമുളക് വിൽക്കാനുള്ള തീരുമാനമാണ് സാമൂതിരിയും കുഞ്ഞാലി മരയ്ക്കാറും തമ്മിലുള്ള സ്പർദ്ധയ്ക്ക് കാരണമായത്. കുഞ്ഞാലി മരയ്ക്കാർ അറബിയാണ്, ഗാമ പോർച്ചുഗീസുകാരനാണ്, സാമൂതിരി ഇന്ത്യക്കാരനാണ്. 1498 ൽ ഗാമ പുതിയ കച്ചവട വഴി (Trade route) കണ്ടെത്തി 100 വർഷം കഴിയുമ്പോഴെക്കും പോർച്ചുഗൽ യൂറോപ്പിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായി മാറി. പോർച്ചുഗലിന്റെ രാഷ്ട്ര സമ്പത്ത് (National Wealth) എങ്ങിനെ വർദ്ധിച്ചു എന്നതിനെക്കുറിച്ച് യൂറോപ്പിൽ നടന്ന പഠനങ്ങളും, ആ പഠനങ്ങൾ പ്രസിദ്ധീകരിച്ച വിവിധ റിപ്പോർട്ടുകളുടെയും ആകെ തുകയാണ് മെർക്കന്റലിസം. രാഷ്ട്രത്തിന്റെ സമ്പത്ത് എന്താണ്? അതിന്റെ സ്വഭാവമെന്താണ്? അത് വർദ്ധിക്കുന്നതെങ്ങനെയാണ് ? എന്നതിനെക്കുറിച്ചുള്ള ചിന്തകളാണ് മെർക്കന്റലിസം. ഇവരുടെ ചിന്തകളെ മൂന്ന് വാചകത്തിൽ സംഗ്രഹിക്കാം.

1. സ്വർണ്ണം, വെള്ളി, മുതലായവയാണ് അന്താരാഷ്ട്ര വിനിമയ മാദ്ധ്യമം. അതുകൊണ്ട് സ്വർണ്ണം, വെള്ളി (bullion) മുതലായവയുടെ അളവാണ് രാഷ്ട്രസമ്പത്ത് (National Wealth).

2. കൃഷിയോ വ്യവസായമോ മാത്രം പ്രയോജനകരമല്ല പ്രത്യുത ഇവയിലൂടെ നിർമ്മിക്കപ്പെടുന്ന വസ്തുക്കൾ മുൻഗണനാ ശ്രേണിയിലെ ഒന്നാം സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നവനെ കണ്ടെത്തുകയും കൈമാറുകയും ചെയ്യുന്ന വ്യാപാരമാണ് മൂല്യത്തെ വർദ്ധിപ്പിക്കുന്നത്. കർഷകൻ ഉൽപ്പാദിപ്പിക്കുന്ന 5 രൂപ മൂല്യമുള്ള കുരുമുളകിന്റെ മൂല്യം 150 രൂപയായി വർദ്ധിപ്പിക്കുന്നത് വ്യാപാരമാണ്. പ്രദേശിക

www.malankaralibrary.com



കമ്പോളം മാത്രമാണ് കേരളത്തിലെ കർഷകർ കുരുമുളകിന്റെ വില്പന ലക്ഷ്യമായി കണ്ടിരുന്നതെങ്കിൽ 1 കിലോയ്ക്ക് 1 രൂപ പോലും ലഭിക്കില്ല.

3. രാഷ്ട്ര നേതൃത്വം അന്താരാഷ്ട്ര വ്യാപാരത്തെ നിയന്ത്രിക്കണം. തദ്ദേശവസ്തുക്കൾ കയറ്റുമതി ചെയ്യുകയും, ഉപയോഗിക്കുകയും ചെയ്യുക. ഇറക്കുമതി നിരുത്സാഹപ്പെടുത്തുക.

1500 മുതൽ 1750 വരെ ഫ്രാൻസ് ഒഴികെയുള്ള കടൽതീരം സ്വന്തമായ യൂറോപ്പ്യൻ രാജ്യങ്ങളെല്ലാം അന്താരാഷ്ട്ര വ്യാപാരത്തിലൂടെ സമ്പത്ത് വർദ്ധിപ്പിച്ചു. 1571–ലെ ലെപ്പാന്തോ യുദ്ധത്തിലെ (Battle of Lepanto 1571) യുദ്ധത്തിൽ ഒട്ടോമാൻ ചക്രവർത്തി പരാജയപ്പെട്ടതിന്റെ പിറകിൽ അന്താരാഷ്ട്ര വ്യാപാരത്തിലൂടെ സ്പെയിൻ, പോർച്ചുഗൽ മുതലായ രാജ്യങ്ങൾ രൂപപ്പെടുത്തിയ സമ്പത്തിനും, നാവിക ശക്തിക്കും പ്രാധാന്യമുണ്ട്. ഇക്കാര്യം മനസ്സിലാക്കിയ ബ്രിട്ടീഷുകാർ 1600 ഡിസംബർ 31–ാം തിയ്യതി ഈസ്റ്റ് ഇന്ത്യാ കമ്പനി അന്താരാഷ്ട്ര വ്യാപാരത്തിനായി സ്ഥാപിച്ചു.

എന്നാൽ ഫ്രഞ്ചുകാർ അന്താരാഷ്ട്രവ്യാപാരത്തിൽ പരാജയമായിരുന്നു. അതുകൊണ്ടുതന്നെ കാർഷികവരുമാനം മാത്രമായിരുന്നു ഫ്രഞ്ചുകാരുടെ പ്രധാന ജീവന ഉപാധി. വ്യാപാരത്തിൽ മേൽകൈ നേടാൻ ഫ്രഞ്ചുകാർ ഇന്ത്യയിലെ അറബികളുമായി (ഓട്ടോമൻ സാമ്രാജ്യത്തിന്റെ പിണിയാളുകളുമായി) സന്ധി ചെയ്തു. അങ്ങിനെ ഫ്രഞ്ചു പട്ടാളക്കാരുടെ സഹായത്തോടെ അറബിയായിരുന്ന ഹൈദ്രാലി സൗത്ത് ഇന്ത്യയിലെ തുറമുഖങ്ങൾ പിടിച്ചെടുക്കാനുള്ള പദ്ധതിക്ക് രൂപം കൊടുത്തു. ഫ്രഞ്ചു പട്ടാളക്കാരാണ് ഹൈദ്രാലിയുടേയും, ടിപ്പുവിന്റെയും പട്ടാളക്കാർക്ക് പരിശീലനം നൽകിയത്. മാത്രമല്ല ഫ്രഞ്ച് എഞ്ചിനീയർമാരാണ് ടിപ്പുവിന്റെ പേരിൽ നില നിൽക്കുന്ന ഇന്ത്യയിലെ കോട്ടകൾ (Forts)നിർമ്മിച്ചത്. എന്നാൽ ഫ്രഞ്ചുകാരുടെ ഇന്ത്യയിലെ കച്ചവട താല്പര്യങ്ങളെ ബ്രിട്ടീഷുകാർ തകർത്തെറിഞ്ഞു. വ്യാപാരമാണ് മൂല്യമുണ്ടാക്കുന്നതെന്ന മെർക്കന്റലിസ്റ്റുകളുടെ വാദത്തെ ഖണ്ഡിച്ചുകൊണ്ടാണ് ഫിസിയോക്രാറ്റ്സ് എന്ന ചിന്തകർ രംഗപ്രവേശനം ചെയ്യുന്നത്.

## ഫിസിയോക്രാറ്റ്സ് (Physiocrates)

ഫ്രാൻസിൽ സാമ്പത്തിക ശാസ്ത്രത്തിന്റെ വിശകലനം ആരംഭിക്കുന്നത് ഫിസിയോക്രാറ്റ്സാണ്. ക്യൂനെ (Francois Quesnay 1694-1774) 1758 ൽ രചിച്ച ടേബിലു ഇക്കണോമിക്ക എന്ന കൃതിയാണ് ആധുനിക ധനതത്വശാസ്ത്രത്തിന്റെ ആരംഭം കുറിച്ചത് എന്ന രീതിയിലാണ് സാമ്പത്തിക ശാസ്ത്രം മുന്നോട്ടു പോകുന്നത്. ഈ കൃതി ഉൽപാദകന്റെ കാഴ്ചപ്പാടിലാണ് മൂല്യത്തെ നോക്കിക്കാണുന്നത്.

ഫ്രാൻകോയ്സ് ക്യൂനെ (Francois Quesnay 1694-1774) മാർക്വിസ് മിറാബ്യൂ

www.malankaralibrary.com

(Francis Mirabeau 1715-1789) ടർഗോട്ട് (Turgot 1727-1789) എന്നിവരാണ് ഫിസിയോക്രസി എന്ന മുന്നേറ്റത്തിന്റെ നേതാക്കൾ. ഇവരുടെ വാദമനുസരിച്ച് കൃഷി മാത്രമാണ് രാഷ്ട്രത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കുന്നത്. അതുകൊണ്ട് ഒരു കാർഷിക കേന്ദ്രീകൃത സമ്പദ് വ്യവസ്ഥയായിരുന്നു ഫ്രഞ്ചു ചിന്തകർ മുന്നോട്ടു വച്ചത്.

## തൊഴിൽ, കൃഷി, സ്വാതന്ത്ര്യവ്യാപാരം

മെർക്കന്റലിസ്റ്റുകൾ വ്യാപാരവും, ഫിസിയോക്രാറ്റ്സ് കൃഷിയും ദേശീയ സമ്പത്തിന്റെ ഉറവിടമായി കണ്ടപ്പോൾ ആരും തന്നെ തൊഴിലാണ് ഇവയുടെ അടിസ്ഥാനമെന്ന് മനസ്സിലാക്കിയിരുന്നില്ല. ആദാം സ്മിത്ത് ഇവയെ മൂന്നിനെയും സമഗ്രമായി ഒരു സമഗ്രവിശകലന മാതൃകയിൽ ഒരുമിച്ച് ചേർത്ത ഗ്രന്ഥമാണ് രാഷ്ട്രങ്ങളുടെ സമ്പത്തിന്റെ സ്വഭാവവും ഉറവിടവും (*On the Nature and Cause of Wealth of Nations* - 1776). ഈ ഗ്രന്ഥമാണ് "രാഷ്ട്രങ്ങളുടെ സമ്പത്ത്" (*Wealth of Nations*) എന്ന പേരിൽ അറിയപ്പെടുന്നത്. ഈ ഗ്രന്ഥത്തിന്റെ ഘടന തൊഴിൽ, കൃഷി, വ്യാപാരം, ഗവർമെന്റിന്റെ ഇടപെടില്ലാത്ത സമ്പദ്വ്യവസ്ഥ എന്നതാണ്. ഗ്രാമങ്ങളിലെ (country) കാർഷിക വസ്തുക്കൾക്ക് മൂല്യം വർദ്ധിക്കുന്നത് പട്ടണങ്ങളിലെ (town) വ്യാപാരികളിലൂടെയാണെന്ന് സ്മിത്ത് നിർദ്ദേശിക്കുന്നു. മാത്രമല്ല മൂല്യം അടിസ്ഥാനപരമായി നിർമ്മിക്കുന്നത് തൊഴിലാളിയാണെന്ന് ആദം സ്മിത്ത് ഉന്നയിക്കുന്നു. എന്നാൽ മൂല്യം വളരുന്നത് വ്യാപാരത്തിലൂടെയാണ്. സ്വാതന്ത്രവ്യാപാരം (free trade) മൂല്യത്തെ വർദ്ധിപ്പിക്കുന്നു.

ആദാം സ്മിത്തിന്റെ മറ്റൊരു ശ്രമം മൂല്യം വിലയായി മാറുന്നതെങ്ങിനെയെന്ന് നിർവ്വചിക്കാനായിരുന്നു. തൊഴിൽ മണിക്കൂർ ഉപയോഗിച്ച് വസ്തുവിന്റെ മൂല്യത്തെ അളക്കാമെന്ന് ആദം സ്മിത്ത്, തന്റെ വിശകലനത്തിന്റെ ആരംഭത്തിൽ ഉന്നയിച്ചു. പക്ഷെ അദ്ദേഹം പരാജയപ്പെട്ടു. മൂല്യം നിർണ്ണയിക്കുന്നതിൽ വ്യാപാരത്തിന്റെ പങ്ക് ഉൾപ്പെടുത്താതെ എങ്ങിനെ വില നിർണ്ണയിക്കും?

അതുകൊണ്ട് തൊഴിൽ മണിക്കൂറാണ് വില നിർണ്ണയിക്കുന്നതെന്ന സിദ്ധാന്തത്തിനു പകരം ആദം സ്മിത്ത് ഉല്പാദന ചിലവ് സിദ്ധാന്തം (cost of production theory) ഉന്നയിക്കുന്നു. ഈ സിദ്ധാന്തവും അപൂർണ്ണമാണ്, കാരണം ഈ സിദ്ധാന്തവും വില നിർണ്ണയിക്കുന്നതിൽ ഉപഭോക്താവിന്റെ പങ്കിനെ ഉൾക്കൊള്ളിക്കുന്നില്ല. സ്വതന്ത്രവ്യാപാരമാണ് നിലനിൽക്കുന്നതെങ്കിൽ വിലയും ചിലവും തുല്യമാണെന്നും സ്മിത്ത് നിർദ്ദേശിക്കുന്നു. സ്വതന്ത്രവ്യാപാരനയം രാഷ്ട്രത്തിന്റെ സമ്പത്ത് വർദ്ധിക്കുമെന്ന് സിദ്ധാന്തം "ലോകത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കുമെന്ന" ചിന്തയിലേക്ക് നയിച്ചതുകൊണ്ടാണ് ആഗോളവൽക്കരണം (Globalisation) എന്ന തത്വം സമകാലീന ചരിത്രത്തിൽ ഇടം പിടിച്ചത്.

www.malankaralibrary.com


**റിക്കാർഡോയും (David Ricardo -1772-1823) മാൽത്തൂസും (Robert Thomas malthus 1766-1834)**

ആദം സ്മിത്ത് മൂല്യത്തെ വിലയാക്കി മാറ്റാൻ പരിശ്രമിച്ചത് തൊഴിൽ മണിക്കൂർ (labour hour) എന്ന മാനദണ്ഡം ഉപയോഗിച്ചിട്ടാണ്. വില എപ്പോഴും ഒരു പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കണം. ഉല്പാദനത്തിൽ ശരാശരി ഒരു തൊഴിലാളി ഉപയോഗിക്കുന്ന മൂലധനം (capital/labour ratio) എല്ലാ വസ്തുവിന്റെ ഉല്പാദനത്തിലും തുല്യമാണെങ്കിൽ മാത്രമാണ്, തൊഴിൽ മണിക്കൂർ അനുസരിച്ച് മൂല്യത്തെ വിലയാക്കി മാറ്റാൻ കഴിയുക. എന്നാൽ വ്യത്യസ്ഥ വസ്തുക്കളുടെ ഉല്പാദനത്തിൽ ഒരു തൊഴിലാളി ശരാശരി ഉപയോഗിക്കുന്ന മൂലധനം (capital: labour ratio) വ്യത്യസ്ഥമാണെങ്കിൽ തൊഴിൽ മണിക്കൂറും വിലയും തമ്മിലുള്ള ബന്ധം യുക്തിപരമായി സ്ഥാപിക്കുക സാധ്യമല്ല.

ഇത്തരത്തിൽ ബന്ധം സ്ഥാപിക്കാൻ കഴിയാത്തത് ആദംസ്മിത്തിന്റെ വിശകലന മാതൃകയുടെ പരിമിതിയാണെന്ന് റിക്കാർഡോ ഉന്നയിച്ചു. മൂലധനത്തെ മൃത തൊഴിൽ (Dead labour) എന്ന് റിക്കാർഡോ നിർവ്വചിച്ച് വിശകലനത്തിന് ശ്രമിച്ചുവെങ്കിലും വിലയെ നിർവ്വചിക്കാൻ റിക്കാർഡോയും പരാജയപ്പെട്ടു.

ഇതേ ശ്രമം മാർക്സും പിൻതുടർന്നു. അതുകൊണ്ട് മൂല്യത്തെ വിലയാക്കി മാറ്റുന്ന പ്രശ്നം പരിഹരിക്കാൻ മാർക്സിനോ പിൻഗാമികൾക്കോ കഴിഞ്ഞില്ല. പിയറോ സ്രാഫാ (Piero Sraffa, 1898 -1983)രചിച്ച "വസ്തുക്കൾ ഉപയോഗിച്ചുള്ള വസ്തുക്കളുടെ നിർമ്മാണം" (*Production of Commodities by means of Commodities*) എന്ന ഗ്രന്ഥത്തിലും തൊഴിൽ മണിക്കൂർ അടിസ്ഥാനത്തിൽ മൂല്യത്തെ നിർണ്ണയിക്കാനുള്ള, എല്ലായിടത്തും ഉപയോഗിക്കാവുന്ന ഒരു സങ്കര വസ്തു (Compoist commodity) സൈദ്ധാന്തികമായി രൂപപ്പെടുത്താൻ ശ്രമിച്ചു, എങ്കിലും അത് പരാജയപ്പെട്ടു. അനേകം സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ശ്രമിച്ചിട്ടും ആദം സ്മിത്തിന് കഴിയാത്തത് ആർക്കും കഴിഞ്ഞിട്ടില്ല.

ഇത് കഴിയാതിരിക്കുന്നത് ശ്രമിക്കുന്നവരുടെ ബുദ്ധിയുടെ പരിമിതിയല്ല. പ്രത്യുത വസ്തുക്കളുടെ കമ്പോള വില ആപേക്ഷികമാണ് (relative). അത് രണ്ടു വസ്തുക്കളും, രണ്ടു വ്യക്തികളും തമ്മിലുള്ള ബന്ധത്തിൽ നിന്നാണ് രൂപം കൊള്ളുന്നത്. ആപേക്ഷിക വിലയെ (relative price) സമ്പൂർണ്ണവില (absolute price) ആയി തെറ്റിദ്ധരിച്ചുകൊണ്ടാണ് ആദം സ്മിത്ത് വിശകലനം ആരംഭിച്ചത്. ഒരു ചോദ്യത്തിന്റെ ഉത്തരം ലഭിക്കാതെ വരുന്നതിന്റെ കാരണം ആരംഭഘട്ടത്തിൽ സ്വീകരിക്കുന്ന അടിസ്ഥാന സൂത്രവാക്യങ്ങളാണ്.

റിക്കാർഡോവിന്റെ മൂല്യസിദ്ധാന്തം തൊഴിൽ എന്ന മാനദണ്ഡത്തിൽ നിന്ന്

www.malankaralibrary.com


മാറ്റി ചോളം (corn) എന്ന അടിസ്ഥാനത്തിൽ നിർമ്മിക്കാൻ ശ്രമിച്ചു. എങ്കിലും പരാജയപ്പെട്ടു. പക്ഷെ ഈ പ്രക്രിയക്കിടയിൽ ലോകത്തിന് പല സംഭാവനകളും റിക്കാർഡോ നൽകി.

ഇതിൽ പ്രധാനപ്പെട്ടതാണ് കാർഷിക വസ്തുക്കൾ ഇറക്കുമതി ചെയ്യണമോ വേണ്ടയോ എന്ന ബ്രിട്ടീഷ് പാർലിമെന്റിലെ ചർച്ചാവിഷയം. ചോള നിയമം (corn law) ബ്രിട്ടനിൽ ചോളത്തിന്റെ ഇറക്കുമതി തടഞ്ഞിരുന്നു. റിക്കാർഡോ ഇപ്രകാരം വാദിച്ചു: ചോളം ഇറക്കുമതി തടഞ്ഞാൽ ചോളത്തിന്റെ വിലകൂടും. ചോളത്തിന്റെ വിലകൂടിയാൽ കർഷകർ ഫലഭൂയിഷ്ഠി (fertility) കുറഞ്ഞ ഭൂമി കൃഷി ചെയ്യും. ഫലഭൂയിഷ്ഠി കുറഞ്ഞ ഭൂമി കൃഷി ചെയ്താൽ നല്ലഭൂമിയുടെ വാടക (rent) വർദ്ധിക്കും. വാടക വർദ്ധിച്ചാൽ കാർഷിക മേഖലയിൽ മിച്ചം കൂടുകയും, വ്യവസായ മേഖലയിൽ മിച്ചം കുറയുകയും ചെയ്യും. വ്യവസായ മേഖലയിൽ മിച്ചം രൂപീകരിക്കപ്പെട്ടില്ലെങ്കിൽ സാമ്പത്തിക വളർച്ച മുരടിക്കും, രാജ്യത്തിന്റെ സമ്പത്ത് കുറയും. അതുകൊണ്ട് രാജ്യപുരോഗതി ആഗ്രഹിക്കുന്നുവെങ്കിൽ ചോളനിയമം റദ്ദ് ചെയ്യാൻ റിക്കാർഡോ ആവശ്യപ്പെട്ടു. എന്നാൽ മാൽത്തൂസ് ഇതിന് എതിരായിരുന്നു. മാൽത്തൂസിന്റെ വാദം ഇപ്രകാരമായിരുന്നു. ചോളം ഇറക്കുമതി ചെയ്യാൻ അനുവദിച്ചാൽ ചോളത്തിന്റെ വില കുറയും. ഇത്തരത്തിൽ വില കുറഞ്ഞാൽ കർഷകന് ലഭിക്കുന്ന ലാഭം കുറയും. കർഷകന്റെ ലാഭം കുറഞ്ഞാൽ, സമ്പത്ത് മുഴുവൻ വ്യവസായികളുടെ കൈയ്യിൽ കുമിഞ്ഞുകൂടും. അവർ പണം ചിലവഴിക്കാത്തവരാണ്. പണം ചിലവഴിക്കാതെ മിച്ചത്തെ അവർ വീണ്ടും വീണ്ടും മൂലധനമാക്കി മാറ്റും. വ്യവസായത്തിൽ ആവശ്യത്തിലധികം മൂലധനം രൂപം കൊണ്ടാൽ രണ്ട് പ്രക്രിയ സംഭവിക്കും. (1) വ്യവസായികൾ തമ്മിൽ മത്സരം നടക്കുകയും വ്യവസായങ്ങൾ നഷ്ടത്തിലായി തൊഴിലില്ലായ്മ വർദ്ധിക്കും (2) വ്യവസായിക ഉല്പന്നങ്ങൾ വാങ്ങുന്നത് കർഷകരാണ്. കർഷകരുടെ കൈവശം മിച്ചമില്ലെങ്കിൽ, വ്യവസായിക വസ്തുക്കൾ വിറ്റഴിയാതെ ഉപഭോഗ ചുരുക്കം (under consumption) സംഭവിക്കും. ഇതുമൂലം വ്യവസായിക വസ്തുക്കൾ വിറ്റഴിയാതെ, വ്യവസായം തകരും. അതുകൊണ്ട് വ്യവസായം നിലനിൽക്കണമെങ്കിൽ കാർഷിക മേഖലയിൽ മിച്ചം വേണം, അതിനായി കാർഷിക വസ്തുക്കളുടെ വില വർദ്ധിപ്പിക്കണം. അതുകൊണ്ട് കാർഷിക വസ്തുക്കൾ ഇറക്കുമതി ചെയ്യരുത്. ഈ വാദപ്രതിവാദത്തിൽ മാൽത്തൂസിന്റെ നിലപാടാണ് കാറൽ മാർക്സ് മുതലാളിത്വ വ്യവസ്ഥിതിയുടെ തകർച്ച എങ്ങിനെ സംഭവിക്കും എന്ന് വ്യാഖ്യാനിക്കാൻ ഉപയോഗിച്ചത്.

തൊഴിൽ, കൃഷി, വ്യവസായം, വ്യാപാരം, മൂല്യം, മൂലധന സ്വരൂപണം, പണം, യന്ത്രങ്ങളുടെ പ്രാധാന്യം എന്നിവയെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കാനുള്ള കാറൽ മാർക്സിന്റെ ശ്രമമാണ് ദാസ് കാപ്പിറ്റലിന്റെ ഒന്നാം വാള്യം. മാർക്സിന്റെ ഉത്തരങ്ങൾ പലതും തെറ്റാണ് എങ്കിലും ഇത്തരം സമഗ്രതയിലാണ് സാമ്പത്തിക

www.malankaralibrary.com


ശാസ്ത്രത്തെ വിശദീകരിക്കേണ്ടത് എന്നതിന്റെ ആവശ്യകത കാറൽ മാർക്സിന്റെ സാന്നിദ്ധ്യം ഓർമ്മിപ്പിക്കുന്നു.

**ആധുനിക ഇന്ത്യയിലെ കാർഷിക പ്രശ്നങ്ങൾ**

മുൻകാല സാമ്പത്തിക ശാസ്ത്രവിചിന്തനങ്ങൾ ഉപയോഗ ശൂന്യമാണന്ന് കരുതുകയും, അത്തരം ഗ്രന്ഥങ്ങൾ അഭിപ്രായങ്ങളുടെ ശവപ്പറമ്പായി (cemetry of opinions) കരുതി അവയെ കത്തിച്ചുകളയണെന്ന് അഭിപ്രായമുള്ളവർ അനേകമാണ്. പക്ഷെ അത്തരം ശവപ്പറമ്പുകളിലെ എല്ലുകളാണ് പലരാജ്യങ്ങളിലേയും കാർഷിക വ്യവസ്ഥയെ തകർക്കുന്നത്.

ഇന്ത്യയിലെ കാർഷിക മേഖലയിൽ കാർഷിക വസ്തുക്കളുടെ ഇറക്കുമതി/കയറ്റുമതി നയമാണ് അന്തിമമായി കാർഷിക വ്യവസ്ഥയെ തകർക്കുന്നത്. അത്തരം മേഖലയെ കുറിച്ചുള്ള ഒരു ചർച്ചപോലും ആവശ്യമില്ല എന്ന രീതിയാണ് ഇന്ത്യൻ ബുദ്ധിജീവി വർഗ്ഗം പ്രകടിപ്പിക്കുന്നത്. എന്നാൽ ബ്രിട്ടീഷ് പാർലിമെന്റിലും, പൊതുസമൂഹത്തിലും അമ്പത് വർഷം നിരന്തരമായ ചർച്ചകളിലൂടെ രൂപം കൊണ്ട ഭക്ഷ്യവസ്തുക്കളുടെ കയറ്റുമതി/ഇറക്കുമതി നയങ്ങളാണ് ബ്രിട്ടനെ പുരോഗതിയിലേക്ക് നയിച്ചത്. ആ ചർച്ച ഇന്ത്യയിൽ ആരംഭിക്കുക എന്നതാണ് കാർഷിക മേഖലയെ രക്ഷിക്കാനുള്ള അന്തിമമാർഗ്ഗം. അന്താരാഷ്ട്ര വ്യാപാരത്തിൽ കാർഷികവസ്തുക്കളെ ഉൾപ്പെടുത്തി കൂടുതൽ മിച്ചം വ്യാപാരികൾക്ക് ലഭിച്ചാൽ മാത്രമാണ് ആഭ്യന്തര കമ്പോളത്തിൽ കാർഷിക വസ്തുക്കളുടെ വില വർദ്ധിക്കുക. ഇത് എല്ലാ രാജ്യങ്ങൾക്കും ബാധകമായ പൊതുനിയമമാണ്.